ഫാക്ടറി തൊഴിലാളികളെ അപായപ്പെടുത്താൻ ശ്രമിച്ച സംഭവം

59 (3249) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ എഴുകോൺ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ എഴുകോൺ കുമാരവിലാസം കാഷ്യൂ കമ്പനിയിൽ തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നില്ല എന്ന് തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം മുൻപാകെ പരാതി നൽകിയ ഫാക്ടറി തൊഴിലാളികളെ അപായപ്പെടുത്താൻ ശ്രമിച്ചതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സർക്കാർ എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ കേസിലെ പ്രതികളുടെ പേരു വിവരവും ഏത് വകുപ്പു പ്രകാരമാണ് ഇവരുടെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വെളിപ്പെടുത്താമോ ;

(ഡി) കേസ് എടുത്തിട്ടില്ലെങ്കിൽ ഇവരുടെ പേരിൽ കേസ് എടുക്കുന്നതിനും ഇവരെ അറസ്റ്റു ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കുമാരവിലാസം കാഷ്യൂ ഫാക്ടറിയിൽ കീടനാശിനി തളിച്ചത് ശ്വസിച്ച് നാല് തൊഴിലാളികൾക്ക് ഛർദ്ദിയും, ശ്വാസം മുട്ടലും ബോധക്ഷയവും ഉണ്ടാവുകയും തുടർന്ന് ടി തൊഴിലാളികളെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് എഴുകോൺ പോലീസ് സ്റ്റേഷനിൽ ക്രൈം 48/2000-ാം നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി & ഡി) ഈ കേസിൽ ഒന്നാംപ്രതി ഫാക്ടറി ഉടമ അശോക് കുമാറും, രണ്ടാം പ്രതി മരുന്നു തളിക്കാരൻ ബാലചന്ദ്രൻ പിള്ളയുമാണ്. ഇവർക്കെതിരെ സെക്ഷൻ 284,34 ഐ.പി.സി പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവരിൽ രണ്ടാം പ്രതിയെ 22.2.2000-ൽ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒന്നാം പ്രതി ഒളിവിലാണ്.

പോലീസ് കോൺസ്റ്റബിൾമാരുടെ റാങ്ക്ലിസ്റ്റ്

60 (3250) പ്രൊഫസർ മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് കോൺസ്റ്റബിൾമാരുടെ നിയമനത്തിനായുള്ള പി.എസ്.സി റാങ്കുലിസ്റ്റ് ഇപ്പോൾ ഏതെല്ലാം ജില്ലയിൽ നിലവിലുണ്ട് ;

(ബി) തിരുവനന്തപുരം, ജില്ലയിൽ നിലവിലുള്ള പി.എസ്.സി. റാങ്ക്ലിസ്റ്റിലുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly